23469
24/12/19

'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തൃശ്ശൂർ ഡിവിഷൻ - പട്ടിക്കാട് റെയിഞ്ച് - 2009 സ്കൗട്ട് ഹിൽ തേക്ക് തോട്ടത്തിൽ പ്ലാന്റിംഗ് ഏരിയയിൽ നടത്തിയ ഹീപ്പിംഗ് & ബേണിങ് ജോലികൾ നടത്തിയതിലെ അഴിമതി - ശ്രീ.ജി.ഹരികൃഷണൻ നായർ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിച്ച് കുറ്റവിമുക്തനാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.272/2019/വനം** തിരുവനന്തപുരം, തീയതി, 22/07/2019

---

പരാമർശം:- (1) 11.02.2011-ലെ സ.ഉ.(സാധാ.) നം. 55/2011/വനം ഉത്തരവ്

(2) 15.02.2019 തീയതിയായി ശ്രീ.ജി.ഹരികൃഷണൻ നായർ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനഃപരിശോധനാ ഹർജി

(3) 22.02.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-25988/18 നമ്പർ കത്ത്

ഉത്തരവ്

തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ചിലെ 2009 സ്കൗട്ട് ഹിൽ പ്ലാന്റിംഗ് ഏരിയയിൽ നടത്തിയ ഹീപ്പിംഗ് & ബേണിങ് ജോലികളിൽ, ചെയ്ത ജോലികളേക്കാൾ കൂടുതൽ തുക കൺവീനർക്ക് നൽകിയതുമായി ബന്ധപ്പെട്ട് അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ജി.ഹരികൃഷ്ണൻ നായർക്ക് 13.03.2010 തീയതിയായി താഴെപ്പറയുന്ന ചാർജ്ജുകൾക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചു.

(i) തൃശ്ശൂർ ഡിവിഷനിൽ പട്ടിക്കാട് റെയിഞ്ചിൽ 2009 സ്കൗട്ട് ഹിൽ പ്ലാന്റിംഗ് ഏരിയയിൽ ഹീപ്പിംഗ് ആന്റ് ബേണിംഗ് ജോലികളിൽ യഥാർത്ഥത്തിൽ ചെയ്ത

ജോലിയേക്കാൾ വൻതുക ചെലവായതായി കാണിച്ച് സർക്കാർ പണം കവർന്നെടുത്തു.

(ii) സർക്കാർ മുതൽ സംരക്ഷിക്കാതെ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് കാട്ടി സർക്കാരിന് വൻ സാമ്പത്തിക നഷ്ടം വരുത്തി.

(iii) നിയമവിരുദ്ധമായ മേൽ പ്രവർത്തികളിലൂടെ ഗുരുതരമായ ഔദ്യോഗിക കൃത്യവിലോപവും, പെരുമാറ്റദൂഷ്യവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനവും കാട്ടി.

2) ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയും അതിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും പരിശോധിക്കുകയും ടി കേസിൽ സർക്കാരിനുണ്ടായ അധിക ചെലവായ 88,938/- രൂപ കൺവീനറിൽ നിന്നും ഈടാക്കിയെങ്കിലും ശ്രീ.ജി.ഹരികൃഷ്ണൻ നായരുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടയുക' എന്ന ശിക്ഷ നൽകി പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി.

3) മേൽ ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി. മേൽ ഉത്തരവ് തനിക്ക് 01.02.2019 തീയതിയായാണ് ലഭിച്ചതെന്നും പ്രതിവാദപത്രിക അംഗീകരിച്ച് കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്ന് ധരിച്ചിരുന്നുവെന്നും, അതിനാൽ ഇപ്പോൾ സമർപ്പിച്ചിട്ടുള്ള ഹർജി പരിഗണിച്ച് കുറ്റവിമുക്തനാക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

4) റിവ്യൂ ഹർജിയിലെ മറ്റു വാദങ്ങൾ താഴെപ്പറയുന്നവയാണ്:

ടി തോട്ടം സ്ഥിതി ചെയ്യുന്ന മേഖലയിൽ 19.05.2009 മുതൽ 31.05.2009 വരെ മഴ പെയ്തിരുന്നിട്ടു കൂടി മണ്ണെണ്ണ, ടയർ എന്നിവ ഉപയോഗിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള ഹീപ്പിംഗ് & ബേണിംഗ് ചെയ്ത് ജൂൺ ആദ്യവാരത്തിൽ തന്നെ പ്ലാന്റിംഗ് നടത്തി. പ്ലാന്റിംഗ് പെട്ടെന്ന് ചെയ്തു തീർക്കേണ്ടതിനാൽ ഹീപ്പിംഗും ബേണിങ്ങും നടത്തേണ്ടതായ സ്ഥലത്തു മാത്രം അത് ചെയ്ത് പ്ലാന്റിംഗിന് സ്ഥലം ഒരുക്കി. ദ്രുതഗതിയിൽ പ്ലാന്റിംഗ് തുടങ്ങാൻ സഹായകമാവും എന്ന് കരുതി കൂടുതൽ തൊഴിലാളികളെ നിയോഗിച്ചു. ദ്രുതഗതിയിൽ ഇത്രയെല്ലാം പണികൾ പൂർത്തികരിക്കുക അത്ര എളുപ്പമല്ല എന്ന ഒരു മുൻവിധി ആണ് പണികളിൽ ഏറ്റകുറച്ചിലോ അപാകതയോ ഉണ്ടായിട്ടുണ്ടെന്ന് സംശയിക്കാൻ കാരണമായിട്ടുള്ളത്.

സ്കൗട്ട് ഹിൽ തേക്ക് തോട്ടത്തിൽ ആകെയുള്ള 33.28 ഹെക്ടറിൽ ഇഫക്ടീവ് ഏരിയ ആയ 27.48 ഹെക്ടർ സ്ഥലത്തു മുഴവനും പ്ലാന്റിംഗ് ചെയ്തിട്ടുണ്ട്. 25 ഹെക്ടർ സ്ലാഷ് ഫെല്ലിംഗിനുള്ള തുക മാത്രമാണ് അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നത്. അതുമാത്രമേ ചാർജ്ജ് ചെയ്തിട്ടുള്ളൂ. മെഷർമെന്റ് ബുക്കിൽ അളവുകൾ രേഖപ്പെടുത്തി കൺവീനറുടെ ഒപ്പ് വാങ്ങിയത് ഫോറസ്റ്ററും, ഡെപ്യൂട്ടി റെയിഞ്ചറും കൂടിയാണ്. മെഷർമെന്റുകൾ സ്ഥലത്ത് ചെന്ന് റാൻഡം ചെക്കിംഗ് നടത്തി എം.

ബുക്കിലെ അളവുകളെ ആസ്പദമാക്കി തയ്യാറാക്കപ്പെടുന്ന കൺവീനർ ബിൽ പാസ്സാക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അയക്കേണ്ടതായ ചുമതലയാണ് റെയിഞ്ച് ഓഫീസർക്കുള്ളത്.

സ്ലാഷ് ഫെല്ലിംഗും, ഹീപ്പിങ്ങും ബേണിങ്ങും യഥാസമയം പരിശോധിക്കാതെ ടി ജോലികൾ ചെയ്ത് ഏകദേശം രണ്ടു മാസത്തിന് ശേഷവും ശക്തിയായ മഴ പെയ്തതിനുശേഷവും 08.08.2009-നു പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ സ്ലാഷ് ഫെല്ലിംഗ് മുഴുവൻ സ്ഥലത്തും നടത്തിയിട്ടില്ല എന്നും ശക്തമായ മഴയിൽ ഒലിച്ചുപോയ ബേണിംങ്ങിന്റെ അവശിഷ്ടങ്ങൾ കാണാനാവാതെ ബേണിങ്ങും യഥാവിധി നടത്തിയിട്ടില്ല എന്നും എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ടെത്തിയത് വസ്തുതകൾക്ക് വിരുദ്ധമാണ്. പ്രസ്തുത സ്ഥലം സർവ്വെ ചെയ്യുകയോ അതിന്റെ അടിസ്ഥാനത്തിൽ മഹസ്സർ തയ്യാറാക്കുകയോ ചെയ്യാതെ ഏതാനും സാമ്പിൾ പ്ലോട്ടുകൾ യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലാതെ എടുത്തിട്ട് അതിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന് യാതൊരു ആധികാരികതയും ഇല്ല. ഫ്ലയിംഗ് സ്ക്വാഡിന്റെ കണ്ടെത്തലനുസരിച്ച് അധിക ചിലവുണ്ടായി എന്ന് കണക്കാക്കിയ തുക കൺവീനറിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാൽ സർക്കാരിന്റെ നഷ്ടം നികത്തപ്പെട്ടിട്ടുണ്ട്. കൂടാതെ ടി തോട്ട നിർമ്മാണത്തിന് ചാർജ്ജുണ്ടായിരുന്ന അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കെതിരെ അച്ചടക്ക നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

5) സാമ്പിൾ സർവ്വേ സംബന്ധിച്ച് കൃത്യമായ Sketched Survey Report ഒന്നും തയ്യാറാക്കിയതായി കാണുന്നില്ലായെന്നും സാമ്പിൾ പ്ലോട്ടുകൾ uniformly distributed ആയിരുന്നോ എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിൽ എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എത്തിച്ചേർന്ന നിഗമനങ്ങൾ തീർത്തും അശാസ്ത്രീയം ആണെന്നും സർക്കാർ നഷ്ടം നികത്തപ്പെട്ടിട്ടുണ്ടെന്നും ടി തോട്ട നിർമ്മാണത്തിന് ചാർജ്ജുണ്ടായിരുന്ന അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കെതിരെ അച്ചടക്ക നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നും അതിനാൽ ശ്രീ.ജി.ഹരികൃഷ്ണൻ നായർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഔപചാരികാന്വേഷണമോ ടിയാളുടെ ഭാഗം കേൾക്കുകയോ ചെയ്യാതെയാണ് ശ്രീ.ജി.ഹരികൃഷ്ണൻനായർക്ക് ശിക്ഷ നല്കിയിരിക്കുന്നത് എന്നതിനാൽ നടപടിക്രമങ്ങളിൽ വീഴ്ചവന്നിട്ടുണ്ട് എന്നു കണ്ടെത്തി.ഈ സാഹചര്യത്തിലും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പരാമർശം 3 ലെ റിപ്പോർട്ട് അംഗീകരിച്ചും ശ്രീ.ജി.ഹരികൃഷ്ണൻ നായരുടെ ഹർജി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് വിലയിരുത്തി ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സത്യജിത് രാജൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജി.ഹരികൃഷ്ണൻ നായർ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ